# Official Visit of Foreign Minister of New Zealand to India (February 7-10, 2023)

February 07, 2023

---

**ന്യൂസിലൻഡ് വിദേശകാര്യ മന്ത്രിയുടെ ഇന്ത്യയിലേക്കുള്ള ഔദ്യോഗിക സന്ദർശനം (ഫെബ്രുവരി 7-10, 2023)**

ഫെബ്രുവരി 07, 2023

1.ന്യൂസിലൻഡ് വിദേശകാര്യ മന്ത്രി മിസ്. നാനയ മഹൂത വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറിന്റെ ക്ഷണപ്രകാരം 2023 ഫെബ്രുവരി 07 മുതൽ 10 വരെയുള്ള തിയ്യതികളിൽ ഇന്ത്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും. ഒരു ഉന്നത ഉദ്യോഗസ്ഥനും ബിസിനസ്സ് പ്രതിനിധി സംഘവും അവർക്കൊപ്പമുണ്ടായിരിക്കുന്നതാണ്. വിദേശകാര്യ മന്ത്രിയായതിനു ശേഷമുള്ള തന്റെ ആദ്യ ഇന്ത്യാ സന്ദർശന വേളയിൽ മഹൂത ഡൽഹിയും മുംബൈയും സന്ദർശിക്കും.

2. 2023 ഫെബ്രുവരി 07 ന് വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ സന്ദർശിക്കുന്ന വിദേശകാര്യ മന്ത്രിയ്ക്കൊപ്പമുള്ള ഉഭയകക്ഷി ചർച്ചകൾക്ക് ആതിഥേയത്വം വഹിയ്ക്കും. സാമ്പത്തിക സഹകരണം, വിദ്യാഭ്യാസ വിനിമയം, പ്രതിരോധ ഇടപെടലുകൾ, ജനങ്ങളുമായുള്ള സമ്പർക്കം എന്നിവ ഉൾപ്പെടെയുള്ള ഉഭയകക്ഷി കാര്യങ്ങളുടെ മുഴുവൻ ശ്രേണിയും ഇരു മന്ത്രിമാരും ചർച്ച ചെയ്തു. പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളിൽ അവർ വീക്ഷണങ്ങൾ കൈമാറുകയും നിയമാധിഷ്ഠിതവും സമാധാനപരവും സുസ്ഥിരവും സമൃദ്ധവുമായ ഇന്തോ-പസഫിക്കിനായുള്ള ഇന്ത്യയുടെയും ന്യൂസിലൻഡിന്റെയും പങ്കിട്ട കാഴ്ചപ്പാടിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

3. ഇന്റർനാഷണൽ സോളാർ അലയൻസ് (ഐഎസ്എ) ഫ്രെയിംവർക്കിൽ ന്യൂസിലൻഡിന് അംഗത്വത്തിന് വഴിയൊരുക്കുന്ന കരാറിന്റെ പകർപ്പുകൾ ഒപ്പിട്ട് വിദേശകാര്യ മന്ത്രി മഹൂത ഇന്ത്യയുടെ വിദേശകാര്യ മന്ത്രിക്ക് കൈമാറി,

4. 2022 ഒക്ടോബറിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറിന്റെ ന്യൂസിലൻഡ് സന്ദർശനത്തെ തുടർന്നാണ് വിദേശകാര്യ മന്ത്രി മഹുതയുടെ സന്ദർശനം.

5. ഇന്ത്യയും ന്യൂസിലൻഡും ജനാധിപത്യ പാരമ്പര്യങ്ങളുടെ പൊതുതത്വങ്ങളെ അടിസ്ഥാനമാക്കി അടുത്ത ഉഭയകക്ഷി ബന്ധം പങ്കിടുന്നു. സാമ്പത്തികം, രാഷ്ട്രീയം, പ്രതിരോധം, വിദ്യാഭ്യാസം, ശാസ്ത്രം/സാങ്കേതികവിദ്യ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും സഹകരണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.

**ന്യൂ ഡെൽഹി**

**ഫെബ്രുവരി 07, 2023**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.